# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3219** **20.6.2014-ൽ മറുപടിക്ക്**

ശുചിത്വഗ്രാമം പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. ശിവദാസൻ നായർ<br>,, തേറമ്പിൽ രാമകൃഷ്ണൻ<br>,, കെ. മുരളീധരൻ<br>,, എം.എ വാഹീദ് | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) ഗ്രാമ പഞ്ചായത്തുകളിൽ ശുചിത്വ ഗ്രാമം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ; | എ) ഉണ്ട്. ഗ്രാമപഞ്ചായത്ത് പ്രദേശം മാലിന്യ മുക്തമാക്കുന്നതിന്റെ ഭാഗമായി ഖര-ദ്രവ മാലിന്യ സംസ്ക്കരണ പദ്ധതി, പ്ലാസ്റ്റിക് സംസ്ക്കരണ പദ്ധതി, അറവുശാല നിർമ്മാണം, ഗതാഗത വികസനം, മുടക്കം കൂടാതെയുള്ള കുടിവെള്ള വിതരണം എന്നിവയുടെ സാക്ഷാത്കരണത്തിലേക്കാണ് ഈ പദ്ധതി ലക്ഷ്യമിട്ടിട്ടുള്ളത്. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) ഈ പദ്ധതിയുടെ ലക്ഷ്യം നിറവേറ്റുന്നതിന്റെ ഭാഗമായി ഏകദേശം 800 ഗ്രാമ പഞ്ചായത്തുകളിൽ ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതി നടപ്പിലാക്കുന്നതിലേക്ക് 18 ഗ്രാമപഞ്ചായത്തുകളിൽ അറവുശാല നിർമ്മാണത്തിനും 32 ഗ്രാമ പഞ്ചായത്തുകളിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിലേക്ക് അനുമതിയും ഇവയുടെ നിർവ്വഹണത്തിലേക്കായി സാമ്പത്തിക സഹായവും നൽകിയിട്ടുണ്ട്. |
| സി) ശുചിത്വഗ്രാമം പദ്ധതി ആരു മുഖേനയാണ് നടപ്പിലാക്കുന്നത്; വിശദമാക്കുമോ; | സി) ശുചിത്വഗ്രാമ പദ്ധതി ശുചിത്വ മിഷന്റെ സാങ്കേതിക സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനം വഴിയാണ് നടപ്പിലാക്കി വരുന്നത്. |
| ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം? | ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനം പദ്ധതി തയ്യാറാക്കി നൽകുന്ന മുറയ്ക്ക് സാങ്കേതിക അനുമതിയും ആയതിന്റെ നിർവ്വഹണത്തിലേക്കായി സാമ്പത്തിക സഹായവും നൽകി വരുന്നു. പദ്ധതിയുടെ നിർവ്വഹണം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമാണ്. |

സെക്ഷൻ ഓഫീസർ